## (iii) അമലുസ്സ്വാലിഹ്

കർമം എന്നാണ് അമൽ എന്ന പദത്തിനർഥം. സ്വാലിഹ് എന്നാൽ നല്ലത്, സംസ്കരിക്കുന്നത് എന്നും. സൽക്കർമം എന്നാണ് അമലുസ്സ്വാലിഹിനെ തർജമഃ ചെയ്യാറുള്ളത്. സത്യത്തിനും ധർമത്തിനും നീതിക്കും യോജിച്ച കർമം, സംസ്കരിക്കുകയും ശുദ്ധീകരിക്കുകയും ചെയ്യുന്ന കർമം, നൻമയും പുണ്യവും ഉളവാക്കുന്ന കർമം എന്നൊക്കെയാണതിന്റെ വിവക്ഷ. വിശുദ്ധ ഖുർആൻ നിരവധി സ്ഥലങ്ങളിൽ ഈമാനിനോട് ചേർത്തു പരാമർശിച്ചിട്ടുള്ളതാണ് അമലുസ്സ്വാലിഹ്. ഈമാനിന്റെ ഘടകം തന്നെയാണ് അമൽ എന്നും വിശ്വാസവും കർമവും ചേർന്നാലേ യഥാർഥ ഈമാനാകൂ എന്നും പണ്ഡിതൻമാർ സിദ്ധാന്തിച്ചിട്ടുണ്ട്. സാങ്കേതിക ഭാഷയിൽ അമലുസ്സ്വാലിഹ് എന്നാൽ അല്ലാഹു കല്പിച്ചിട്ടുള്ളതും അവൻ ഇഷ്ടപ്പെടുന്നതുമായ കർമമാണ്. ഈയർഥത്തിൽ അത് ഇബാദതിനു സമാനമായ പദമാകുന്നു. ഒരാൾ നേരിട്ടു ചെയ്യുന്ന കർമങ്ങൾ മാത്രമല്ല അയാളുടെ കർമങ്ങൾ. ജീവിച്ചിരിക്കുമ്പോൾ ചെയ്ത കർമങ്ങൾ അയാളുടെ മരണാനന്തരം മറ്റുള്ളവർക്ക് നല്കുന്ന ഫലങ്ങളും പരലോകത്ത് അയാളുടെ കർമമായി കണക്കാക്കപ്പെടുന്നതാണ്. ഒരാളുടെ വഖ്ഫ് സ്വത്തുക്കളിലൂടെയും വൈജ്ഞാനിക പ്രവർത്തനങ്ങളിലൂടെയും അയാളുടെ മരണാനന്തരം ജനങ്ങൾക്ക് ലഭിക്കുന്ന പ്രയോജനങ്ങളെ അയാളുടെ നിലക്കാത്ത സൽക്കർമം എന്ന് പ്രവാചകൻ വിശേഷിപ്പിച്ചിട്ടുണ്ട്.

സ്വാലിഹ് എന്നതിന്റെ ബഹുവചന രൂപമാണ്, സജ്ജനം, സച്ചരിതർ, സുകൃതികൾ എന്നീ അർഥങ്ങളിൽ ഉപയോഗിക്കാറുള്ള സ്വാലിഹൂൻ.